ഫെബ്രുവരി
മാർച്ച്
2026

# M E S BYTES

MES HIGHER SECONDRY SCHOOL IRIMBILIYAM PIN 679572

Little KITEs e News Paper

EMAIL : meshsibm@gmail.com | https://meskerala.com

## കമ്പ്യൂട്ടർ ലാബും സ്മാർട്ട് കിച്ചൺ കെട്ടിടവും ഉദ്ഘാടനം ചെയ്തു,




ഇരിമ്പിളിയം എം.ഇ.എസ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി പുതുതായി നിർമ്മിച്ച കമ്പ്യൂട്ടർ ലാബുകളുടെ ഉദ്ഘാടനം എം.ഇ.എസ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ഡോ. പി. എ. ഫസൽ ഗഫൂർ നിർവഹിച്ചു. എം. എൽ. എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ ചെലവിൽ നിർമിച്ച ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂൾ സ്മാർട്ട് കിച്ചൺ കെട്ടിടത്തിന്റെ ഉദ്ഘാടനം കെ. കെ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ നിർവഹിച്ചു.ഇരിമ്പിളിയം പഞ്ചായത്ത് പ്രസിഡന്റ് റജുല നൗഷാദ് അധ്യക്ഷത വഹിച്ചു. എം.ഇ.എസ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി യു ഹംസക്കോയ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം ഡോ. കെ. പി. വഹീദ, ഇരിമ്പിളിയം പഞ്ചായത്ത് സ്ഥിരംസമിതി ചെയർപേഴ്സൺ റിയ ഗോപി, ബ്ലോക്ക് പഞ്ചായത്ത് അംഗം ഷമില, എം.ഇ.എസ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം കെ. അബ്ദുൽ ലത്തീഫ്, പി.ടി.എ പ്രസിഡന്റ് സമീഹ അലി, എസ്.എം.സി ചെയർമാൻ ടി. അബ്ദുൽ ഖാദർ, ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് എന്നിവർ സംസാരിച്ചു.എസ്.എം.സി സെക്രട്ടറി ടി. മുസ്തഫ കമാൽ സ്വാഗതവും പ്രിൻസിപ്പൽ കെ. കെ. നജുമുദ്ധീൻ നന്ദിയും പറഞ്ഞു.

## വളാഞ്ചേരി എം.ഇ.എസ് യൂണിറ്റ് 'എക്സലഡ്ജ് 2026' ഐ.എ.എസ് ഓറിയന്റേഷൻ സംഘടിപ്പിച്ചു




വളാഞ്ചേരി എം.ഇ.സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എക്സലഡ്ജ് 2026 ഐ.എ.സ്. ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ യു.എസ്.എസ്. വിജയികളായ നൂറോളം വിദ്യാർത്ഥികൾക്കാണ് ക്ലാസ് സംഘടിപ്പിച്ചത്. വളാഞ്ചേരി യൂണിറ്റ് തുടങ്ങി വെച്ച എക്സലഡ്ജ് 2025ന്റെ തുടർച്ചയായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. തിരുവനന്തപുരം എമിനന്റ് ഐ.എ. സ് അക്കാദമി സ്ഥാപകനും ഡയറക്ടറുമായ മുഹമ്മദ് സ്വഫ് വാൻ ക്ലാസിന് നേതൃത്വം നൽകി. യൂണിറ്റ് സെക്രട്ടറി പി.വി. നൗഷാദ് സ്വാഗതം പറഞ്ഞു. സ്കൂൾ എസ്.എം.സി ട്രഷറർ ഹബീബ് റഹ്മാൻ അധ്യക്ഷത വഹിച്ചു. എം.ഇ.എസ്കെ.വി.എം കോളേജ് പ്രിൻസിപ്പൽ പ്രൊഫ. പി. പി.ഷാജിദ് ഉൽഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഹെഡ് മാസ്റ്റർ അഷറഫലി കാളിയത്ത്, പി.പി. ഹമീദ്, സൈനുദ്ദീൻ പാലാറ, പി.സുബൈർ, ഹക്കീം വെണ്ടല്ലൂർ, സി. അൻവർ , നിഹാൽമൊയ്തീൻ, എന്നിവർ പ്രസംഗിച്ചു.

## പി ടി എ ജനറൽ ബോഡി യോഗം ചേർന്നു

ഇരിമ്പിളിയം എം ഇ എസ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപക രക്ഷാകർതൃ സമിതിയുടെ വാർഷിക ജനറൽബോഡി യോഗം എസ് എം സി ജോയിന്റ് സെക്രട്ടറി ശ്രീ നൗഷാദ് ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡണ്ട് സമീഹ അലി അധ്യക്ഷം വഹിച്ചു.പ്രിൻസിപ്പൽ കെ കെ നജ്മുദ്ദീൻ സ്വാഗതം പറഞ്ഞു. ഹെഡ്മാസ്റ്റർ കെ അഷ്റഫ് അലി വിഷയാവതരണം നടത്തി. വൈസ് പ്രസിഡണ്ട് ഷംസുദ്ദീൻ,എം പി ടി എ പ്രസിഡന്റ് ഹഫ്സത്ത് ബീവി, പി ടി എ പ്രതിനിധികളായ ഹുസ്ന, ബുഷ്റ,സുഹറ,സ്റ്റാഫ് സെക്രട്ടറിമാരായ സെയ്ദലവി, അജിത്ത്,നജ്മുദ്ദീൻ സി പി എന്നിവർ പ്രസംഗിച്ചു.എട്ടാം ക്ലാസ് അഡ്മിഷൻ മെയ് ആദ്യവാരത്തിലും, പ്ലസ് വൺ അഡ്മിഷൻ അലോട്ട്മെന്റ് അനുസരിച്ചും നടത്താൻ തീരുമാനിച്ചു.പി ടി എ ഓഡിറ്റർമാരായി ശ്രീ സുൽഫിക്കർ അലി, ശ്രീ അൻവർ എന്നിവരെ തിരഞ്ഞെടുത്തു.ഡെപ്യൂട്ടി എച്ച് എം ഷമീമ നന്ദിപ്രകാശനംനടത്തി.

## "സർവ്വം എ ഐ മയം" പരിശീലന ക്ലാസ് നടത്തി



ഇരിമ്പിളിയം: ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2024–27 ബാച്ചിലെ അംഗങ്ങൾക്കായി "സർവ്വം എ ഐ മയം" എന്ന എഐ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. കൈറ്റിൻ്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഈ പരിപാടി സാങ്കേതിക വിദ്യയുടെ അതിവേഗ മാറ്റങ്ങൾക്കിടയിൽ നിർമിത ബുദ്ധിയെക്കുറിച്ചുള്ള ശരിയായ ധാരണകളും വിദ്യാർത്ഥികളിലൂടെ രക്ഷിതാക്കൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിൽ നൽകുകയെന്ന ലക്ഷ്യത്തോടെ രൂപകൽപ്പന ചെയ്തതായിരുന്നു.ക്ലാസിൽ മെറ്റ എഐ, ചാറ്റ് ജിപിടി, ഗൂഗിൾ ജെമിനി തുടങ്ങിയ എഐ ടൂളുകളുടെ പ്രായോഗിക ഡെമോകൾ അവതരിപ്പിച്ചു. കൂടാതെ ഗൂഗിൾ ലെൻസ് ഉപയോഗിച്ച് പക്ഷിയുടെ ചിത്രം തിരിച്ചറിയുകയും ഗൂഗിൾ ട്രാൻസ്ലേറ്റ് വഴി തമിഴ് വാചകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്ത പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ആവേശം സൃഷ്ടിച്ചു. എഐ ഉപകരണങ്ങളുടെ പ്രായോഗിക ഉപയോഗങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ ഇവ സഹായിച്ചു.2024–27 ബാച്ചിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളായ ആര്യനന്ദ് കെ. ജോതിഷ്, അൻസിൽ എന്നിവർ ക്ലാസ് നയിച്ചു. ലിറ്റിൽ കൈറ്റ് മെൻ്റർമാരായ മുഹമ്മദ് മുനീർ, ഹഫ്സമോൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## കൊച്ചി ക്വസ്റ്റ്: ഇംഗ്ലീഷ് ക്ലബ് പഠനയാത്ര സംഘടിപ്പിച്ചു



രിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ ൻപതാം ക്ലാസ് വിദ്യാർത്ഥികൾക്കായി "English Explores: ochi Quest" എന്ന പേരിൽ കൊച്ചിയിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു. ഭാഷാ പഠനത്തെ അനുഭവപരിചയവുമായി ന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷ് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് യാത്ര നടത്തിയത്."Words come alive, ere art & waves converge" എന്ന സന്ദേശവുമായി സംഘടിപ്പിച്ച ഈ യാത്രയിൽ വിദ്യാർത്ഥികൾ കൊച്ചിയിലെ പ്രധാന സാംസ്കാരിക-സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ചു. കൊച്ചി മുസിരിസ് ബിയന്നാലെ, മറൈൻ ഡ്രൈവ്, വാട്ടർ മെട്രോ എന്നിവ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ അനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് ഭാഷാ പഠനത്തിലും സാംസ്കാരിക ബോധവൽക്കരണത്തിലും പുതിയ അറിവുകൾ സമ്മാനിച്ചു.കലയുടെയും സംസ്കാരത്തിന്റെയും നഗരമായ കൊച്ചിയെ നേരിട്ട് പരിചയപ്പെടുന്നതിനൊപ്പം, വിദ്യാർത്ഥികൾ ഇംഗ്ലീഷിൽ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. യാത്ര പഠനത്തെയും വിനോദത്തെയും ഒരുമിപ്പിച്ച ഒരു അനുഭവമായി മാറിയതായി അധ്യാപകർ അറിയിച്ചു.സ്കൂൾ ഇംഗ്ലീഷ് അധ്യാപകരുടെ നേതൃത്വത്തിലാണ് യാത്ര ക്രമീകരിച്ചത്.

## യാത്രയയപ്പ് നൽകി

വളാഞ്ചേരി ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് (2024–26 ബാച്ച്) വിദ്യാർത്ഥികൾക്ക് ഹൃദ്യമായ യാത്രയയപ്പ് നൽകി. രാവിലെ ക്ലാസ് തലത്തിൽ ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ വിവിധ പരിപാടികളും ഐസ്ക്രീം വിതരണവും നടത്തി.തുടർന്ന് വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി. ചടങ്ങിൽ ഹെഡ്മാസ്റ്റർ അഷ്റഫലി കെ വിദ്യാർത്ഥികൾക്ക് വിജയാശംസകൾ നേർന്ന് സംസാരിച്ചു.ഉച്ചയ്ക്ക് സമൃദ്ധമായ ഭക്ഷണവും ഒരുക്കിയിരുന്നു. അധ്യാപകരുടെയും അനധ്യാപകരുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടികൾ വൈകിട്ട് നാലുമണിയോടെ സമാപിച്ചു.

# കൗമാര ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു



ഇരിമ്പിളിയം: കേരള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'ക്രിയാത്മക കൗമാരം – കരുത്തും കരുതലും.' എന്ന കൗമാര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ ടീൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒൻപതാം ക്ലാസ്സിലെ പെൺകുട്ടികൾക്കായി കൗമാരകാല ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിക്ക് പ്രശസ്ത സൈക്കോളജിസ്റ്റ് ശ്രീമതി സിതാര എം. അലി നേതൃത്വം നൽകി.കൗമാരപ്രായത്തിൽ പെൺകുട്ടികൾ നേരിടുന്ന മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ, വികാരനിയന്ത്രണം, ആത്മവിശ്വാസം വളർത്തൽ, സുരക്ഷിതമായ ജീവിതശൈലി എന്നിവയെക്കുറിച്ച് അവർ വിശദമായി സംസാരിച്ചു.കൗമാരകാല പ്രതിസന്ധികളെ കരുത്തോടെ നേരിടാനും മാനസിക സംഘർഷങ്ങളെ മറികടക്കാനും വിദ്യാർത്ഥികൾക്ക് സഹായകരമായ നിർദേശങ്ങളും മാർഗ്ഗനിർദേശങ്ങളും ക്ലാസ്സിലൂടെ നൽകി. വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്ത പരിപാടി ഏറെ പ്രയോജനകരമായി.അധ്യാപകരായ അൻവർ സി. എം,ശിൽപ എസ് കുമാർ എന്നിവർ നേതൃത്വം നൽകി

# എസ്.എസ്.എൽ.സി പരീക്ഷ ആരംഭിച്ചു

ഇരിമ്പിളിയം: സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിൽ മാർച്ച് 5 ന് ആരംഭിച്ച എസ്.എസ്.എൽ.സി പരീക്ഷയിൽ ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് 902 വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നു. ഇതിൽ 469 ആൺകുട്ടികളും 433 പെൺകുട്ടികളു മാണ് ഉൾപ്പെടുന്നത്. മാർച്ച് 30 നാണ് പരീക്ഷകൾ അവസാനിക്കുന്നത്. പരീക്ഷക്കിടയിലെ ഇടവേള ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ തയ്യാറെടുപ്പ് ഉറപ്പാക്കുന്നതിനായി സ്കൂളിൽ പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.കൂടാതെ വിദ്യാർത്ഥികൾക്ക് പരീക്ഷകളെ ആത്മവിശ്വാസത്തോടെ നേരിടാൻ ആവശ്യമായ മാർഗനിർദേശങ്ങളും സ്കൂൾ അധികൃതർ നൽകുന്നുണ്ട്.പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ അധ്യാപകരും മാനേജ്മെന്റും പി.ടി.എയും ആശംസകൾ അറിയിച്ചു.

# 'സർവ്വം എ.ഐ മയം'
# രക്ഷാകർതൃ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.



ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ "സർവ്വം എ.ഐ മയം" എന്ന പേരിൽ രക്ഷാകർതൃ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി 2024–27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ രക്ഷിതാക്കൾക്കായി എ.ഐ പരിശീലനം നൽകി.പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് നിർവഹിച്ചു. ലിറ്റിൽ കൈറ്റ് അംഗങ്ങളായ ആര്യനന്ദ് കെ. ജോതിഷ്, അൻസില പി., മുഹമ്മദ് റസൽ ടി., ആയിഷ അൻവർ, അഷ്മിൽ ഹുസൈൻ എന്നിവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. Meta AI, ChatGPT, Google Gemini തുടങ്ങിയ എ.ഐ ടൂളുകളുടെ പ്രായോഗിക ഡെമോകളും ക്ലാസിൽ അവതരിപ്പിച്ചു.Google Lens ഉപയോഗിച്ച് ചിത്രം തിരിച്ചറിയുന്നത് എങ്ങനെയെന്ന്, Google Translate ഉപയോഗിച്ച് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതെങ്ങനെ എന്നതടക്കമുള്ള വിഷയങ്ങളിൽ രക്ഷിതാക്കൾക്ക് പരിശീലനം നൽകി. എ.ഐ സൃഷ്ടിക്കുന്ന വ്യാജചിത്രങ്ങളും തെറ്റായ വാർത്തകളും തിരിച്ചറിയാനുള്ള മാർഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി.2026 ഫെബ്രുവരി 10ന് കേന്ദ്രസർക്കാർ പുറത്തിറക്കിയ ഐ.ടി നിയമ ഭേദഗതി പ്രകാരം വ്യാജ ചിത്രങ്ങളുടെ നിർമ്മാണവും പ്രചരണവും ഗുരുതര കുറ്റമാണെന്ന് സെഷനുകളിൽ വിശദീകരിച്ചു. യാത്രയ്ക്കും ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനും എ.ഐ എങ്ങനെ പ്രയോജന പ്പെടുത്താമെന്നതും വിദ്യാർത്ഥികൾ പ്രായോഗികമായി അവതരിപ്പിച്ചു.പുതിയ സാങ്കേതിക വിദ്യകൾ മനസ്സിലാക്കി സുരക്ഷിതമായി ഉപയോഗിക്കാൻ പരിശീലനം ഏറെ സഹായകരമായതായി രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു. ലിറ്റിൽ കൈറ്റ് മെന്റർമാരായ മുഹമ്മദ് മുനീർ, ഹഫ്സമോൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# റമദാൻ സൗഹൃദ സംഗമം സംഘടിപ്പിച്ചു



ഇരിമ്പിളിയം എംഇഎസ് ഹയർ സെക്കൻഡറി സ്കൂളിൽ റമദാൻ സൗഹൃദ സംഗമം സംഘടിപ്പിച്ചു.എം ഇ എസ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം അബ്ദുൽ ലത്തീഫ് പരിപാടി ഉദ്ഘാടനം ചെയ്തു. എസ് എം സി ചെയർമാൻ അബ്ദുൽ ഖാദർ മാസ്റ്റർ അധ്യക്ഷം വഹിച്ച ചടങ്ങിൽസെക്രട്ടറി ടി മുസ്തഫകമാൽ സ്വാഗതം പറഞ്ഞു. ചടങ്ങിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻവീ ടി അമീർ, ജനപ്രതിനിധികളായ ബാവമാസ്റ്റർ,ഷഹനാസ് മാസ്റ്റർ,വളാഞ്ചേരി സ്റ്റേഷൻ ഓഫീസർ വിനോദ് വലിയാറ്റൂർ ,പിടിഎ പ്രസിഡണ്ട് സമീഹ അലി, എസ് എം സി വൈസ് പ്രസിഡന്റ് അബ്ദുൽ അസീസ് ജോയിൻ സെക്രട്ടറിമാരായ പ്രൊഫസർ പി പി ഷാജിദ്,എൻ.നൗഷാദ് പ്രിൻസിപ്പൽ കെ കെ നജ്മുദ്ദീൻ, ഹെഡ്മാസ്റ്റർ കെ അഷ്റഫലി,, എം പി ടി എ പ്രസിഡന്റ് ഹഫ്സത്ത് ബീവി,പി ടി എ വൈസ് പ്രസിഡന്റ് ഷംസുദീൻ,എം ഇ എസ് ഇംഗ്ലീഷ് മീഡിയം പ്രിൻസിപ്പൽ ജോബിൻ,കെ ടി മാസ്റ്റർ,തുടങ്ങിയവർ ആശംസകൾ അറിയിച്ചു.ചടങ്ങിൽ ഡോ. മൻസൂർ,എസ് എം സി അംഗങ്ങളായ പി വി നൗഷാദ്,ബീരാൻ,സുധീർ ലാൽ,ഡോ. ഫസലു റഹ്മാൻ, സജീദ് മോൻ,ആസിഫ്, കുഞ്ഞാപ്പു,ഷാജു നജീബ് പി ടി എ പ്രതിനിധികളായ നാരായണൻ, മുഹമ്മദാലി ജലീൽ, ഹുസ്ന, ബുഷ്റ,സുഹറ,അദീദ്,ഫൈസൽ മുൻ പി ടി എ പ്രസിഡന്റ് സുരേഷ് മലയത്ത്,മുൻ എച്ച് എം യാസിർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഹാരിസ് ബാബു, നിധി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.എസ് എം സി ട്രഷറർ പി ഹബീബ് റഹ്മാൻ നന്ദിപ്രകാശനം നടത്തി.തുടർന്ന് നടന്ന വിഭവസമൃദ്ധമായ ഇഫ്താർ മീറ്റിനു കൺവീനർ സതീഷ്,അധ്യാപകരായ ഷമീമ, സെയ്ദലവി, അജിത്ത്, ഷാഹിന, റംസി, അക്ബർ,ഹക്കീം, അനീഷ്, ഇസ്ഹാഖ്, നജ്മുദ്ദീൻ, സുബൈർ, മൻസൂർ,റഫീഖ്, സൈനുദ്ധീൻ,സുരാജ്,മുസ്തഫ,സുഷമ, ശില്പ, ഷംസീന,പ്രേംകുമാർ,അൻവർ,മുസ്തഫ,അൻഷാദ്,ഫൈസൽ,ഷിബുലാൽ,നിഹാൽ,സമീർ, മുനീർ,സുധീർ, ശ്രീജിത്ത്,സുരേഷ്,അമീർ,മുഹമ്മദലി,ദിൽഷാദ്,റോഷൻ , ജുനൈദ്,ഹമീദ്, അനൂപ്, ഷിബിലി തുടങ്ങിയവർ നേതൃത്വം നൽകി.




ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിക്കുന്ന വാർഷികദിനം & റിട്ടയർമെൻ്റ് പരിപാടിക്കു നൽകപ്പെട്ട "MESAURA'26" എന്ന പേരിന്റെ പ്രകാശനം എം.ഇ.എസ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ഡോ. പി. എ. ഫസൽ ഗഫൂർ നിർവഹിക്കുന്നു.













